**JAN : 14**

# KGBEU OU ബുള്ളറ്റിൻ 4/2023

സഖാക്കളെ,

## വിഷയം: ചെയർമാനുമായി നടന്ന കൂടിക്കാഴ്ച

ചെയർമാനുമായി വിവിധ വിഷയങ്ങൾ ചർച്ച നടത്തി. വിശദ വിവരങ്ങൾ ചുവടെ.

1. പ്രമോഷൻ:
സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും പ്രമോഷൻ നടപടികൾ ആരംഭിക്കാത്തതിൽ ശക്തമായ പ്രതിഷേധം അറിയിച്ചു. സംഘടന ചട്ടപ്പടി സമരത്തിന് ആഹ്വാനം കൊടുക്കുകയാണെന്നും, ക്യാമ്പയിനുകൾ മുഴുവൻ ബഹിഷ്കരിക്കാനാണ് തീരുമാനമെന്നും നാം അദ്ദേഹത്തെ അറിയിച്ചു.

ഒരാഴ്ച കൂടെ സമയം നൽകണമെന്നും  അതിനുള്ളിൽ പ്രശ്നങ്ങൾ പരിഹരിക്കും എന്നും, അതുവരെ മറ്റു നടപടികളിലേക്ക് കടക്കരുതെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

നേരത്തെ നടത്തേിയിരുന്ന പ്രമോഷൻ  ഇത്രയും വൈകുന്നത് മാനേജ്മെന്റിന്റെ അലംഭാവം മൂലമാണെന്നും, സ്പോൺസർ ബാങ്കിൽ നടത്തുന്നതുപോലെ പ്രമോഷൻ മുൻകൂറായി നടത്തണമെന്നും നാം ആവശ്യപ്പെട്ടു.

സംഘടന ആവശ്യപ്പെട്ട രീതിയിൽ മുൻകൂട്ടിയുള്ള പ്രമോഷൻ നടപ്പിൽ വരുത്താൻ ആത്മാർത്ഥമായ ശ്രമം ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. അതുവരെ, അടുത്ത തവണ മുതൽ ഓഗസ്റ്റ് മാസത്തിനു മുന്നോടിയായി പ്രമോഷൻ നടപടികൾ പൂർത്തിയാക്കും എന്നും അദ്ദേഹം ഉറപ്പുനൽകി.

ചെയർമാന്റെ ഉറപ്പിന്റെ പശ്ചാത്തലത്തിൽ ചട്ടപ്പടി സമരം താൽക്കാലികമായി മാറ്റി വെക്കുകയാണ്. പറഞ്ഞ സമയത്തിനുള്ളിൽ തീരുമാനം നടപ്പിലാവുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിലേക്കു കടക്കാൻ നാം നിർബന്ധിതമാകും എന്നും അദ്ദേഹത്തെ അറിയിച്ചു.

2. 29 OATD വിഷയം:
ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 29 OATD മാരുടെ മുഴുവൻ ആനുകൂല്യങ്ങളും ഉടൻ നൽകണമെന്ന് നാം ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് നാം നേരത്തെ ചെയർമാന് കൊടുത്ത കത്തും ശ്രദ്ധയിൽപ്പെടുത്തി.

വിഷയം പരിശോധിച്ചുവരികയാണെന്നും legal opinion എടുത്ത്, വരുന്ന ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ വയ്ക്കുമെന്നും അദ്ദേഹം അറിയിച്ചു.

## 3. Staff housing loan:

സംസ്ഥാനത്തിന് പുറത്ത് വീട് നിർമ്മിക്കുവാനും വാങ്ങിക്കുവാനും സ്റ്റാഫ് ഹൗസിംഗ് ലോൺ നൽകണമെന്ന് നാം ആവശ്യപ്പെട്ടു. നേരത്തെ ഇത്തരത്തിൽ ലോണുകൾ നൽകിയിരുന്ന കാര്യവും നാം ശ്രദ്ധയിൽപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് RRB ഡിവിഷൻ ഹെഡുമായി സംസാരിച്ച കാര്യവും സൂചിപ്പിച്ചു.

പ്രായോഗിക ബുദ്ധിമുട്ടുകൾ മറികടന്ന് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പരിശോധിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി.

## 4. Stagnation increment:

പതിനൊന്നാം കരാറിൽ ഭേദഗതി ചെയ്ത stagnation ഇൻക്രിമെന്റിൽ ജീവനക്കാർക്ക് അനുകൂലമായി വന്ന മാറ്റം നമ്മുടെ ബാങ്കിൽ ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയത്. അർഹരായ മുഴുവൻ ജീവനക്കാർക്കും ഇതിന്റെ ആനുകൂല്യം നൽകണമെന്ന് നാം ആവശ്യപ്പെട്ടു.

GM മായി സംസാരിച്ച് പ്രശ്നം പഠിക്കുമെന്നും പരിഹരിക്കും എന്നും അദ്ദേഹം ഉറപ്പു നൽകി.

## 5. Other allowances:

ജോയിന്റ് കോൺഫറൻസിൽ നാം ഉന്നയിച്ച അലവൻസുകളിലെ വർദ്ധന ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും പ്രത്യേകമായി ചർച്ച നടത്താമെന്ന ഉറപ്പ് പാലിച്ചിട്ടില്ല എന്നും, അലവൻസുകൾവർദ്ധിപ്പിക്കണമെന്നും നാം ആവശ്യപ്പെട്ടു.

സ്പോൺസർ ബാങ്കിലേക്ക് take up ചെയ്ത് അനുകൂല തീരുമാനം ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പു നൽകി.

## 6. ആശ്രിത നിയമനം:

ആശ്രിത നിയമന അപേക്ഷകളിൻമേൽ നിരുത്തരവാദപരമായ സമീപനമാണ് മാനേജ്മെന്റ് കൈക്കൊള്ളുന്നത് എന്നും നേരത്തെ ചെയർമാനുമായി സംസാരിച്ചപ്പോൾ അനുകൂലമായി സംസാരിച്ചിട്ടും കാര്യം നടപ്പിലാവുന്നില്ലെന്നും നാം ചൂണ്ടിക്കാട്ടി. മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർ ദുരിതപൂർണമായ അവസ്ഥയിൽ ജീവിതം തള്ളി നീക്കുന്ന ചില ഉദാഹരങ്ങളും നാം സൂചിപ്പിച്ചു. അർഹരായ മുഴുവൻ അപേക്ഷകർക്കും നിയമനം നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടു. വേക്കൻസി ഇല്ല എന്ന കാരണം പറഞ്ഞ് അപേക്ഷകൾ നിരസിച്ചത് അംഗീകരിക്കാൻ കഴിയില്ല എന്നും നാം അറിയിച്ചു.

വേക്കൻസിയുടെ പേരിൽ അപേക്ഷകൾ നിരസിക്കില്ല എന്നും, വീണ്ടും പരിഗണിക്കും എന്നും അദ്ദേഹം ഉറപ്പുനൽകി. GM വന്ന ഉടൻ ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കുമെന്ന് അദ്ദേഹം

അറിയിച്ചു.

7. ജനറൽ ട്രാൻസ്ഫർ:

അംഗീകൃത സംഘടനയുമായി നടത്തേണ്ടുന്ന ട്രാൻസ്ഫർ സംബന്ധിച്ച ചർച്ചകൾ ഉടൻ നടത്തണമെന്ന് നാം ആവശ്യപ്പെട്ടു.

ചർച്ചകൾ നടത്താമെന്നും, പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ സമർപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സഖാക്കളെ, ചെയർമാനുമായി നടത്തിയ ചർച്ചയിൽ നമുക്ക് ലഭ്യമായ ഉറപ്പിന്മേൽ കൃത്യമായ follow up നാം നടത്തുന്നതാണ്. നമുക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെടുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിന് സംഘടന ആഹ്വാനം നൽകുന്നതാണ്. അനുകൂലമായ ഉറപ്പിന്മേൽ നാം പ്ര തീക്ഷയർപ്പിച്ചു കൊണ്ട്, വരും ദിവസങ്ങളിലും കഴിഞ്ഞ നാളുകളിലേത് പോലെ മികച്ച പ്രവർത്തനം കാഴ്ച വെക്കാൻ മുഴുവൻ ജീവനക്കാരോടും ആഹ്വാനം ചെയ്യുന്നു.ന

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)